Jagratha 065

Vol-II, Issue:31
27-09- 2008

*Kerala Catholic Bishops' Council's*

# Commission for Social Harmony and Vigilance

Pastoral Orientation Centre, Palarivattom,Kochi-25, ph: 0484 2806262, kcbcshv@gmail.com

**Commission Chairman**
Rt. Rev. Dr. Stanley Roman
**Commission Secretary**
Fr. Johny Kochuparambil MST

**Vice-Chairmen**
Moran Mor Baselius Cleemis Catholicos
Bishop Mar Thomas Chakiath
Bishop Mar Joseph Kallarangatt

# ജാഗ്രത

## *പ്രധാന വാർത്തകൾ*

*01. "എന്റെ ജനത്തിനു നീതി ലഭിക്കുവാൻ അവസാനംവരെ അവർക്കൊപ്പം": കാതോലിക്ക ബാവ*
*02. പള്ളിയാക്രമണം പ്രകോപനമുണ്ടാക്കാൻ കരുതിക്കൂട്ടി ചെയ്തത്: കർദിനാൾ മാർ വർക്കി.*
*03. സുവിശേഷമൂല്യങ്ങളെ യാഥാർഥ്യവത്കരിക്കാൻ സഭാംഗങ്ങൾക്കു കഴിയണം: മാർ മാത്യു മൂലക്കാട്ട്*
*04. സഹനത്തിന് സാക്ഷ്യം വഹിക്കുക: മാർ ജോസഫ് കല്ലറങ്ങാട്ട്.*
*05. ക്രൈസ്തവ മിഷനറിമാരുടെ സേവനം വിസ്മരിക്കരുത്: മാർ ജോർജ് ആലഞ്ചേരി*
*06. ധർമ്മ സംസ്ഥാപനമായിരിക്കണം കലയുടെ ലക്ഷ്യം : ബിഷപ്പ് മാർ തോമസ് ചക്യത്ത്*
*07. സാമൂഹ്യവിരുദ്ധരെ ഒറ്റപ്പെടുത്തുക : ഐക്യ-ജാഗ്രതാ കമ്മീഷൻ*
*08. രാജ്യവ്യാപകമായ മിഷണറി ധ്വംസനം: സർക്കാരുകളുടെ നിഷ്ക്രിയത്വം പ്രതിഷേധാർഹം ഐക്യ-ജാഗ്രതാ കമ്മീഷൻ*
*09. പാഠപുസ്തക വിതരണം: സർക്കാരിന്റേത് കുറ്റകരമായ അനാസ്ഥ : ഇന്റർ ചർച്ച് കൗൺസിൽ*

### 01. "എന്റെ ജനത്തിനു നീതി ലഭിക്കുവാൻ അവസാനംവരെ അവർക്കൊപ്പം": കാതോലിക്ക ബാവ (24-09-2008)

ദൈവം എന്നെ ഏൽപ്പിച്ച ജനത്തിന് നീതി ലഭിക്കുന്നതിനുവേണ്ടി, അവരുടെ വേദനയിലേക്കു സമൂഹമനസാക്ഷി ആകർഷിക്കുന്നതിനുവേണ്ടി രക്തസാക്ഷി മണ്ഡപത്തിലെ പുൽപ്പായിൽ ഇരുന്നു ഉപവസിക്കുന്നതിൽ അഭിമാനിക്കുന്നുവെന്ന് - മാർ ബസേലിയോസ് ക്ലീമിസ് കാതോലിക്ക ബാവ പറഞ്ഞു. ഞാൻ ഇതിനിറങ്ങിയത് ഒരു വികാരാവേശം കൊണ്ടല്ല. നീതി നിഷേധം എന്റെ കണ്ണുകൾ കണ്ടതുകൊണ്ടാണ്. അതിൽ ഹൃദയം ആദ്രമായതുകൊണ്ടാണ്. അതു കൊണ്ട് നീതി ഉറപ്പാക്കാതെ ഇനിയൊരു മടക്കമില്ല. ഉപവാസസമരം ഉദ്ഘാടനം ചെയ്തശേഷം ഞാൻ മടങ്ങണമെന്ന് ഇവരിൽ ചിലർ ആഗ്രഹിച്ചുകാണും എന്നെ പറഞ്ഞു വിട്ട ശേഷം വല്ലതു കഴിച്ച് ഉപവസിക്കാമെന്നു കരുതിയവരും കാണും. അതൊന്നറിയാൻ കൂടിയാണ് ഞാനും ഇരുന്നത്.ശ്രോതാക്കളെ ചിരിപ്പിച്ചുകൊണ്ട് ബാവ പറഞ്ഞു. മതപരിഗണന കൂടാതെ നാടാർ സമുദായംഗങ്ങൾക്കു സംവരണം ഏർപ്പെടുത്തണമെന്നാവശ്യപ്പെട്ട് മലങ്കര കാത്തലിക് നാടാർ മുവ്മെന്റ് പാളയം രക്തസാക്ഷി മണ്ഡപത്തിൽ നടത്തിയ 24 മണിക്കൂർ അഖണ്ഡ ഉപവാസ പ്രാർഥനാ സമര പന്തലിൽ പ്രസംഗിക്കുകയായിരുന്നു കാതോലിക്കബാവ. ഉപവാസ പ്രാർഥനയും പാളയം സെന്റ് മേരീസ് പ്രോകത്തീഡ്രലിൽ നടത്തിയ ദിവ്യകാരുണ്യ ആരാധനയും ഇന്നലെ ഉച്ചയോടെ സമാപിച്ചു. മാർത്താണ്ഡം ബിഷപ്പ് യുഹാനോൻ മാർ ക്രിസോസ്റ്റം നല്കിയ തീർഥജലം കുടിച്ചുകൊണ്ടാണ് ഉപവാസ സമരത്തിന് നേതൃത്വം നല്കിയ മാർ ബസേലിയോസ് ക്ലീമിസ് കാതോലിക്ക ബാവ ഉപവാസം അവസാനിപ്പിച്ചത്. സമരത്തിൽ പങ്കെടുത്തിരുന്ന നുറുകണക്കിനു വൈദികരും നാടാർ വോളന്റിയർമാരും ഉപവാസം അവസാനപ്പിച്ചു.

### 02. പള്ളിയാക്രമണം പ്രകോപനമുണ്ടാക്കാൻ കരുതിക്കൂട്ടി ചെയ്തത്: കർദിനാൾ (22-09-2008)

അകപ്പറമ്പ് കത്തോലിക്കാ, യാക്കോബായ പള്ളികളിലുണ്ടായ അക്രമങ്ങൾ പ്രകോപനമുണ്ടാക്കാൻ കരുതികൂട്ടി എതോ സംഘം ചെയ്തതായി തോന്നുന്നുവെന്ന് കർദിനാൾ മാർ വർക്കി വിതയത്തിൽ പറഞ്ഞു.

സമുദായ സൗഹാർദം നിലനിൽക്കുന്ന ഒരു പ്രദേശത്ത് ഇങ്ങനെയൊരു ആക്രമണം നടക്കുമ്പോൾ സമുദായങ്ങൾ പ്രകോപിതരാകരുതെന്നും ക്രൈസ്തവർ സംയമനത്തോടും കരുതലോടും കൂടി വർത്തിക്കണമെന്നും അദ്ദേഹം ആവശ്യപ്പെട്ടു. സമുദായ സൗഹാർദം തകർത്ത് മുതലെടുപ്പ് നടത്താനുള്ള നീക്കം ഇതിന് പിന്നിലുള്ളതായി പ്രത്യക്ഷത്തിൽ തോന്നുന്നതായും കർദിനാൾ പറഞ്ഞു.സമാധാനവും സൗഹാർദവും നിലനിർത്തണമെന്നും പള്ളികളിലും സ്ഥാപനങ്ങളിലും ഇങ്ങനെയുള്ള ആക്രമണങ്ങൾ നടക്കാതിരിക്കാൻ മുൻകരുതലുകൾ ഉണ്ടാകണമെന്നും അദ്ദേഹം അഭ്യർഥിച്ചു. ഈ അക്രമപ്രവർത്തനങ്ങൾക്ക് പിന്നിൽ പ്രവർത്തിച്ച സംഘത്തെ അടിയന്തരമായി പിടികൂടി സർക്കാർ സത്വര നടപടികൾ സ്വീകരിക്കണമെന്നും കർദിനാൾ മാർ വർക്കി വിതയത്തിൽ ആവശ്യപ്പെട്ടു.

### 03. സുവിശേഷമൂല്യങ്ങളെ യാഥാർഥ്യവത്കരിക്കാൻ സഭാംഗങ്ങൾക്കു കഴിയണം: മാർ മൂലക്കാട്ട്

(21-09-2008)

സുവിശേഷമൂല്യങ്ങളിൽ ശക്തിപ്പെട്ട് ക്രൈസ്തവ ജീവിതചൈതന്യം പ്രബലമാക്കണമെന്ന് കോട്ടയം ആർച്ചു ബിഷപ് മാർ മാത്യു മൂലക്കാട്ട്. എ.കെ.സി.സി നവതിസംഗമം ചങ്ങനാശേരി മെത്രാപ്പോലീത്തൻ പള്ളി അങ്കണത്തിലെ പി.പി ജോസ് നഗറിൽ ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. സുവിശേഷമൂല്യങ്ങളെ യാഥാർഥ്യവത്കരിക്കാൻ സഭാംഗങ്ങൾക്കു കഴിയണം. ക്രൈസ്തവസഭയുടെ ദർശനങ്ങളും സേവനങ്ങളും ആർക്കും നിരാകരിക്കാനും തള്ളിക്കളയാനും ആവില്ല. ഇതിനു ശ്രമിച്ച പലരും നിരാശരാവുകയാണ് ചെയ്യുന്നത്. പ്രശ്നങ്ങളും പ്രതിസന്ധികളും മിശിഹായോടു ചേർന്നു തരണം ചെയ്യണം. കത്തോലിക്കാ സഭയ്ക്കു നേതൃത്വം നൽകുന്ന സംഘടനയായി എ.കെ.സി.സി മാറണമെന്നും ആർച്ചു ബിഷപ് ഉദ്ബോധിപ്പിച്ചു.ക്രൈസ്തവരെ ഭിന്നിപ്പിക്കാനും ഒറ്റപ്പെടുത്താനുമുള്ള വർഗീയ, നിരീശ്വരവാദികളുടെ നീക്കങ്ങളെ ജാഗ്രതയോടെ കാണണമെന്ന് മാവേലിക്കര ബിഷപ് ജോഷ്വാ മാർ ഇഗ്നാത്തിയോസ് സന്ദേശത്തിൽ പറഞ്ഞു. സ്വാതന്ത്ര്യം നേടി അരനൂറ്റാണ്ടുപിന്നിട്ടിട്ടും ഭാരതത്തിൽ പൗരാവകാശവും ജനാധിപത്യവും ന്യൂനപക്ഷാവകാശങ്ങളും ധ്വംസിക്കപ്പെടുന്നതിനാൽ നിതാന്തജാഗ്രത പുലർത്തണമെന്ന് കെ.എം മാണി എംഎൽഎ പറഞ്ഞു.

### 04. സഹനത്തിന് സാക്ഷ്യം വഹിക്കുക: മാർ ജോസഫ് കല്ലറങ്ങാട്ട് (22-09-2008)

മതങ്ങൾ തമ്മിൽ സൗഹാർദവും സഹകരണവും വളർത്താനാണ് ക്രൈസ്തവർ ശ്രദ്ധിക്കേണ്ടതെന്നും വിഭാഗീയതയിൽ ഐക്യം ശക്തിപ്പെടുത്താനുള്ള ജോലി ക്രിസ്തുമതാനുയായികളുടെ ധർമമാണെന്നും പാലാ രൂപതാധ്യക്ഷൻ മാർ ജോസഫ് കല്ലറങ്ങാട്ട്. പാലാ രൂപത പാസ്റ്ററൽകൗൺസിൽ യോഗത്തിൽ പ്രസംഗിക്കുകയായിരുന്നു ബിഷപ്. ഒറീസയിലും മംഗലാപുരത്തും നടക്കുന്ന അക്രമങ്ങളെ വേദനാജനകമായ അനുഭവങ്ങൾ സഹനത്തിനു സാക്ഷ്യംവഹിക്കാനുള്ള ചൈതന്യത്തിലാണ് കാണേണ്ടതെന്നും വിപരീതസാക്ഷ്യം മതാനുയായികൾക്കും ദൈവവിശ്വാസികൾക്കും കളങ്കമാണെന്നും അദ്ദേഹം ഓർമിപ്പിച്ചു. പ്രകോപനങ്ങളിൽ വീഴാതിരിക്കാനും സമാധാനം പുലർത്താനും ഏവരും യത്നിക്കണമെന്ന് പാസ്റ്ററൽ കൗൺസിൽ ചെയർമാൻ ഡോ.എ.ടി.ദേവസ്യ അഭിപ്രായപ്പെട്ടു. സഭ നേരിടുന്ന സമകാലിക സംഭവങ്ങൾ എന്ന വിഷയത്തിൽ പ്രഫ.സാബു ഡി.മാത്യു പ്രബന്ധം അവതരിപ്പിച്ചു. സഭയ്ക്കു നേരേ ഉണ്ടായിക്കൊണ്ടിരിക്കുന്ന അക്രമങ്ങളിൽ ഉത്കണ്ഠ രേഖപ്പെടുത്തുന്ന പ്രമേയം പയസ് കുര്യൻ അവതരിപ്പിച്ചു.

### 05. ക്രൈസ്തവ മിഷനറിമാരുടെ സേവനം വിസ്മരിക്കരുത്: മാർ ജോർജ് ആലഞ്ചേരി (22-09-2008)

ക്രൈസ്തവ മിഷനറിമാർ ചെയ്തിട്ടുള്ള സേവനങ്ങൾ വിസ്മരിക്കരുതെന്ന് മാർ ജോർജ് ആലഞ്ചേരി. എ.കെ.സി.സി കപ്പാട് യൂണിറ്റിന്റെ ആഭിമുഖ്യത്തിൽ എസ്.എസ്.എൽ.സി പരീക്ഷയിൽ ഉന്നത വിജയം നേടിയവർക്കുള്ള അവാർഡ് വിതരണം നിർവഹിച്ചു പ്രസംഗിക്കുകയായിരുന്നു മാർ ജോർജ് ആലഞ്ചേരി. വിദ്യാഭ്യാസ രംഗത്തും ആതുര ശുശ്രൂഷയിലും സേവനമേഖലയിലും ക്രൈസ്തവ മിഷനറിമാർ ചെയ്ത സേവനങ്ങൾ രാഷ്ട്രപുരോഗതിക്കും ഉത്തമപൗരന്മാരെ വാർത്തെടുക്കുന്നതിനും സാധിച്ചിട്ടുണ്ട്. എന്നാൽ, മത സ്വാതന്ത്ര്യം ഉള്ള ഇന്ത്യയിൽ ഇപ്പോൾ നടക്കുന്ന ക്രൈസ്തവ അക്രമങ്ങൾ അവസാനിപ്പിക്കണം. മതസൗഹാർദം കാത്തുസൂക്ഷിക്കാൻ ഭരണാധികാരികൾ ഉണർന്നു പ്രവർത്തിക്കണമെന്നും അദ്ദേഹം ആഹ്വാനം ചെയ്തു.

## 06. ധർമ്മ സംസ്ഥാപനമായിരിക്കണം കലയുടെ ലക്ഷ്യം : ബിഷപ്പ് മാർ തോമസ് ചക്യത്ത് (21-09-2008)

ധർമ്മ സംസ്ഥാപനമായിരിക്കണം എല്ലാ കലയുടെയും ലക്ഷ്യമെന്ന് കെ.സി.ബി.സി. മാധ്യമ കമ്മീഷൻ ചെയർമാൻ ബിഷപ്പ് മാർ തോമസ് ചക്യത്ത്. പാലാരിവട്ടം പി.ഒ.സി.യിൽ 21-ാമത് അഖില കേരള നാടകമേളയുടെ ഉദ്ഘാടന ചടങ്ങിൽ അദ്ധ്യക്ഷപദം അലങ്കരിച്ച് സംസാരിക്കുകയായായിരുന്നു അദ്ദേഹം. എല്ലാ പ്രവർത്തിയുടെയും ലക്ഷ്യം നന്മ പരിപോഷിപ്പിക്കുകയും ധർമ്മം സ്ഥാപിക്കുകയും എന്നതായിരിക്കണം. നാടകമെന്ന മഹനീയ കല നന്മ പഠിപ്പിക്കുവാനുള്ള ഒരു മാധ്യമമായി മാറണമെന്ന് അദ്ദേഹം ആഹ്വാനം ചെയ്തു.

പുതിയ മാധ്യമസംസ്കാരം ധാർമ്മികതയേയും ആത്മിയതയേയും തകർക്കുന്നുവെന്ന് ചടങ്ങിൽ മുഖ്യപ്രഭാഷണം നടത്തിയ കെ.സി.ബി.സി. സെക്രട്ടറിയും തൃശ്ശൂർ അതിരൂപതാദ്ധ്യക്ഷനുമായ ബിഷപ്പ് മാർ ആൻഡ്രൂസ് താഴത്ത് അഭിപ്രായപ്പെട്ടു. മനുഷ്യനിലെ മനുഷ്യത്വത്തെ അവതരിപ്പിക്കുന്നതാണ് കല. നാടകങ്ങൾ മൂല്യങ്ങളേയും മനുഷ്യത്വത്തേയും പോഷിപ്പിക്കാനുതകുന്നതാണ്. അത് മനുഷ്യനെ നന്മയിലേക്ക് പോകാൻ പ്രേരിപ്പിക്കാനുതകുന്നതാകണമെന്നും അതിനായി കലാകാരന്മാർ ശ്രമിക്കണമെന്നും ആർച്ച് ബിഷപ്പ് പറഞ്ഞു. നാടകം ധർമ്മത്തെ പ്രോത്സാഹിപ്പിക്കുന്നതും പ്രേഷക മനസ്സിൽ സജീവമായ സാന്നിദ്ധ്യമുണ്ടക്കുന്നതുമാകണമെന്ന് നാടകമേള ഉദ്ഘാടനം ചെയ്തുകൊണ്ട് കേന്ദ്രസംഗീതനാടക അക്കദമി വൈസ് ചെയർമാൻ കാവാലം നാരായണപ്പണിക്കർ പറഞ്ഞു. നാടകമെന്നത് മഹാസാഹിത്യ കലയാണെന്നും വ്യക്തിദുഃഖത്തെ സമഗ്രദുഃഖമാക്കി ഉയർത്തിക്കാണിക്കാൻ കലക്കു മാത്രമേ സാധിക്കുകയുള്ളുവെന്ന് അദ്ദേഹം തുടർന്ന് പറഞ്ഞു.

1987ൽ പാലാരിവട്ടം പി. ഒ. സി. യിൽ തുടക്കം കുറിച്ച ഈ അഖിലകേരള പ്രൊഫഷണൽ നാടകമേള കലാമൂല്യമുള്ള നാടകങ്ങൾ അവതരിപ്പിക്കുവാൻ പ്രേരണയും പ്രോത്സാഹനവും നൽകുകയും നിരവധി നാടകപ്രതിഭകളെ ആദരിക്കയും ചെയ്തിട്ടുണ്ടെന്ന് ആശംസകൾ അർപ്പിച്ചുകൊണ്ട് പി. ഒ. സി. ഡയറക്ടറും കെ.സി.ബി.സി. ഡെപ്യൂട്ടി സെക്രട്ടറിയുമായ റവ. ഡോ.സ്റ്റീഫൻ ആലത്തറ പറഞ്ഞു. നിരീശ്വരപ്രസ്ഥാനങ്ങൾ നാടകത്തെ കൂട്ടുപിടിച്ച് മനുഷ്യമനസ്സുകളെ വഴിതെറ്റിക്കാൻ ശ്രമിച്ചപ്പോഴും, സാമൂഹികതിന്മകൾ സ്വന്തംജീവിതത്തോട് കൂട്ടിച്ചേർത്ത് മദ്യപാനംപോലുള്ള ദുഷ്പ്രവണതകളെ ചില സാംസ്കാരികനായകന്മാർ പരോക്ഷമായും പ്രത്യക്ഷമായും പ്രോത്സാഹിപ്പിച്ചപ്പോഴും, സാമൂഹ്യനീതി കൈവരിക്കാൻ വ്യക്തികളെ ഉന്മൂലനം ചെയ്യുന്ന സിദ്ധാന്തങ്ങളെ അരങ്ങിലെത്തിച്ച് യുവജനങ്ങളെ തെറ്റായ വഴികളിലേക്ക് ചിലർ നയിച്ചപ്പോഴും അത്തരം സാമൂഹികസന്ദർഭങ്ങളെ ജാഗ്രതയോടെ വീക്ഷിക്കാനും, സത്യധർമ്മാദികൾക്ക് എക്കാലവും വിജയിക്കാൻ കഴിയുമെന്ന ശാശ്വതമായ സന്ദേശം അരങ്ങിലൂടെ ജനഹൃദയങ്ങളിലെത്തിക്കാനും ഈ നാടകമേള സഹായിച്ചിട്ടുണ്ടെന്നും അദ്ദേഹം പറഞ്ഞു.

## 07. സാമൂഹ്യവിരുദ്ധരെ ഒറ്റപ്പെടുത്തുക : ഐക്യ-ജാഗ്രതാ കമ്മീഷൻ (21-09-2008)

നെടുമ്പാശ്ശേരിയിൽ രണ്ട് ക്രിസ്തീയ ദേവാലയങ്ങളിൽ സാമൂഹ്യ വിരുദ്ധർ നടത്തിയ അക്രമത്തിൽ കെ.സി.ബി.സി ഐക്യ-ജാഗ്രതാ കമ്മീഷൻ ശക്തമായ പ്രതിഷേധം രേഖപ്പെടുത്തി. കേരളത്തിൽ കാസർഗോട്ടുണ്ടായ ക്രൈസ്തവ വിരുദ്ധ അക്രമം സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിലേക്ക് വ്യാപിക്കുന്നതിൽ കമ്മീഷൻ ഉൽകണ്ഠ അറിയിച്ചു. ക്രൈസ്തവ സമൂഹത്തെ ദുർബലപ്പെടുത്താനുള്ള ആസൂത്രിത ശ്രമം കേരളത്തിലും നടന്നുവരുന്നതിന്റെ സൂചനയാണിതെന്ന് കമ്മീഷൻ ആരോപിച്ചു. നൂറ്റാണ്ടുകളായി വിവിധ മതസമൂഹങ്ങൾ  സമൂഹങ്ങൾ പരസ്പര ഐക്യത്തിലും സൗഹാർദ്ദത്തിലും കഴിയുന്ന കേരളത്തിൽ ഇത്തരത്തിലുള്ള സംഭവങ്ങൾ വർഗ്ഗീയതയുടെ വിത്തു വിതയ്ക്കാൻ കാരണമാകും. അങ്ങനെ സംഭവിക്കാൻ അനുവദിച്ചു കൂടാ.

നെടുമ്പാശ്ശേരിയിൽ പള്ളികൾ ആക്രമിച്ച സാമൂഹ്യ വിരുദ്ധർക്കെതിരെ സംസ്ഥാന സർക്കാർ കർശന നടപടി സ്വീകരിക്കണം. കേരളത്തിൽ മതസൗഹാർദ്ദം നശിപ്പിക്കാൻ ആസൂത്രിത നീക്കം നടത്തുന്ന സാമൂഹ്യ വിരുദ്ധരെ ഒറ്റപ്പെടുത്തുവാൻ എല്ലാ മതവിശ്വാസികളും രംഗത്തുവരണമെന്ന് കെ.സി.ബി.സി ഐക്യ-ജാഗ്രതാ കമ്മീഷനു വേണ്ടി പുറപ്പെടുവിച്ച പത്രക്കുറിപ്പിൽ കമ്മീഷൻ സെക്രട്ടറി ഫാ. ജോണി കൊച്ചുപറമ്പിൽ ആഹ്വാനം ചെയ്തു.

**08. രാജ്യവ്യാപകമായ മിഷണറി ധ്വംസനം: സർക്കാരുകളുടെ നിഷ്ക്രിയത്വം പ്രതിഷേധാർഹം**

**ഐക്യ-ജാഗ്രതാ കമ്മീഷൻ** (23-09-2008)

ഉത്താരഖണ്ഡിൽ ഫാ. സാമുവലും മേഴ്സി ബഹാദൂറും അതിക്രൂരമായി കൊലചെയ്യപ്പെട്ട സംഭവത്തിൽ ഐക്യ-ജാഗ്രതാ കമ്മീഷൻ അതീവ ദുഃഖവും പ്രതിഷേധവും രേഖപ്പെടുത്തി. ഘാതകരെ ഉടൻ അറസ്റ്റു ചെയ്യണമെന്നും മിഷണറിമാരുടെ ജീവന് സംരക്ഷണം നൽകണമെന്നും കമ്മീഷൻ ആവശ്യപ്പെട്ടു. ഭാരതത്തിൽ മിഷണറിമാർക്കെതിരെയുള്ള അക്രമങ്ങൾ വർദ്ധിച്ചു വരുന്നതിൽ കമ്മീഷൻ ആശങ്ക അറിയിച്ചു. ക്രൈസ്തവർക്കെതിരെയുള്ള പീഢനം തടയുന്നതിൽ കേന്ദ്രസർക്കാരിന്റെയും സംസ്ഥാന സർക്കാരുകളുടെയും ഇതുവരെയുള്ള ഇടപെടലുകൾകൊണ്ട് ക്രൈസ്തവരുടെ ജീവനും സ്വത്തും പൂർണ്ണമായി സംരക്ഷിക്കുവാൻ സാധിച്ചിട്ടില്ലായെന്ന് കമ്മീഷൻ വിലയിരുത്തി. ഇന്ത്യൻ ഭരണഘടന ഉറപ്പു നൽകുന്ന അവകാശങ്ങൾ സംരക്ഷിക്കുവാൻ ചില സംസ്ഥാന സർക്കാരുകൾ അനാസ്ഥ കാണിക്കുന്നത് അപലപനീയവും പ്രതിഷേധാർഹവുമാണ്. ന്യൂനപക്ഷങ്ങളുടെ ജീവനും സ്വത്തിനും സുരക്ഷിതത്വം ഉറപ്പാക്കേണ്ട സംസ്ഥാന സർക്കാരുകൾ അക്ഷന്തവ്യമായ അനാസ്ഥയാണ് കാണിക്കുന്നത്.

ജീവൻ അപകടത്തിലാണെന്ന ഭീതിയിലാണ് മിഷണറിമാരും ക്രൈസ്തവരും ഇന്ന് ഭാരതത്തിൽ ജീവിക്കുന്നത്. ക്രൈസ്തവരുടെ ജീവനും സ്വത്തിനും സംരക്ഷണം നൽകുവാനും ഭരണഘടന അനുശാസിക്കുന്ന അവകാശങ്ങൾ ഉറപ്പാക്കുവാനും കേന്ദ്ര സർക്കാരും സംസ്ഥാന സർക്കാരുകളും തയ്യാറാവണം. ക്രൈസ്തവ സമൂഹത്തെ ജന്മനാട്ടിൽ നിന്നും ഉന്മൂലനം ചെയ്യുവാൻ ആസൂത്രിത നീക്കം നടത്തുന്ന അക്രമികളുടെ മാനസാന്തരത്തിനു വേണ്ടി പ്രാർത്ഥിക്കണമെന്നും പ്രതിസന്ധികളിൽ പ്രകോപിതരാകരുതെന്നും കെ.സി.ബി.സി ഐക്യ-ജാഗ്രതാ കമ്മീഷനു വേണ്ടി പുറപ്പെടുവിച്ച പത്രക്കുറിപ്പിൽ കമ്മീഷൻ സെക്രട്ടറി ഫാ. ജോണി കൊച്ചുപറമ്പിൽ ആഹ്വാനം ചെയ്തു.

**09. പാഠപുസ്തക വിതരണം: സർക്കാരിന്റേത് കുറ്റകരമായ അനാസ്ഥ : ഇന്റർ ചർച്ച് കൗൺസിൽ**

(23-09-2008)

പാഠപുസ്തകത്തിന്റെ രൂപീകരണത്തിലും വിതരണത്തിലും സർക്കാർ കാട്ടുന്ന അലംഭാവം കേരളത്തിലെ പാവപ്പെട്ട വിദ്യാർഥികളോടു കാട്ടുന്ന അവഗണനയാണ് വെളിപ്പെടുത്തുന്നതെന്ന് ഇന്റർ ചർച്ച് കൗൺസിൽ ഫോർ എഡ്യൂക്കേഷൻ വക്താവ് പ്രസ്താവിച്ചു. പൊതുവിദ്യാഭ്യാസം തകർക്കാൻ കരാറെടുത്തിരിക്കുന്നവരെപ്പോലെയാണ് വിദ്യാഭ്യാസ വകുപ്പ് പ്രവർത്തി ക്കുന്നത്. അധ്യായനവർഷം പാതിവഴിയിലെത്തുമ്പോഴും ഇവിടെ ഹയർ സെക്കൻഡറി സ്കൂളുകളിലെ പകുതി വിദ്യാർഥികൾക്കുപോലും പാഠപുസ്തകം എത്തിക്കാൻ വിദ്യാഭ്യാസ വകുപ്പിനു കഴിഞ്ഞിട്ടില്ല. പാവപ്പെട്ട വിദ്യാർഥികൾ പഠിക്കുന്ന സർക്കാർ, എയ്ഡഡ് സ്കൂളുകളിൽ വിദ്യാർഥികൾ പാഠപുസ്തകമില്ലാതെ പഠിച്ചാൽ മതിയെന്ന ക്രൂരമായ നിലപാടാണ് ഇവിടെ വ്യക്തമാകുന്നത്.

സർക്കാർ നിയോഗിച്ച വിദഗ്ധസമിതി പോലും ഏഴാം ക്ലാസിലെ പാഠപുസ്തകം നിലവാരം കുറഞ്ഞതും തെറ്റിദ്ധാരണ പരത്തുന്നതുമാണെന്ന് കണ്ടെത്തി. ഒരാഴ്ചയ്ക്കകം തിരുത്തലുകൾ അച്ചടിച്ചു വിതരണം ചെയ്യുമെന്ന് വിദ്യാഭ്യാസമന്ത്രി വാഗ്ദാനം ചെയ്തിട്ടു മാസങ്ങൾ കഴിഞ്ഞിട്ടും നടപടി ഒന്നും ഉണ്ടായിട്ടില്ല. ഇതേ സർക്കാർതന്നെ പഠനനിലവാരം ഉയർത്താനും തങ്ങൾ പഠിപ്പിച്ച കാര്യങ്ങൾ വിദ്യാർഥികൾ മനസിലാക്കിയിരിക്കുന്നത് വിലയിരുത്താനും അധ്യാപകർ നടത്തിയ ടെസ്റ്റുകൾക്കെതിരേ നടപടിയെടുക്കാൻ കാട്ടുന്ന തിടുക്കം ശ്രദ്ധേയമാണ്. പാഠപുസ്തകങ്ങളുടെ രൂപീകരണത്തിനായുള്ള സമിതികളിൽ വിവിധ മാനേജ്മെന്റുകളുടെ വിദ്യാഭ്യാസ വിചക്ഷണരേയും ഉൾപ്പെടുത്തി ഗുണനിലവാരം ഉറപ്പുവരുത്തണമെന്ന് ഇന്റർ ചർച്ച് കൗൺസിൽ ഫോർ എഡ്യൂക്കേഷൻ ആവശ്യപ്പെട്ടു.